# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3368 — 14-10-2011-ൽ മറുപടിക്ക്

## പേവിഷബാധ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി : | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ പേപ്പട്ടിയുടെ കടിയേറ്റ് നൂറ് കണക്കിന് ആളുകൾ ആശുപത്രിയിൽ ചികിൽസ തേടിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണം വർദ്ധിക്കുകയും പേപ്പട്ടിയുടെ ശല്യം മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ഭീഷണിയായി തീരുകയും ചെയ്ത സാഹചര്യത്തിൽ പേവിഷവാധ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) | വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നൽകുകയും പേവിഷബാധക്കെതിരെ കുത്തിവയ്പ് നടത്തുകയും ചെയ്യുക, തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുക എന്നിവ ചെയ്തുവരുന്നു. |
| (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും കേരള മുനിസിപ്പൽ ആക്ടിലേയും ബന്ധപ്പെട്ട വകുപ്പുകൾ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന | (സി) | അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പൽ ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

നായ്ക്കളെ നശിപ്പിക്കുന്നതിന് പര്യാപ്തമാണോ ; എങ്കിൽ പ്രസ്തുത വകുപ്പ് അനുസരിച്ച് എന്തൊക്കെ പരിപാടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ; ഈ പരിപാടികൾ നടപ്പിലാക്കാൻ തടസ്സമുണ്ടെങ്കിൽ അത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

എന്നാൽ കേന്ദ്ര സർക്കാരിന്റെ 2001–ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) ചട്ടങ്ങൾ പ്രകാരം തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തി തെരുവു നായ്ക്കളുടെ എണ്ണം കുറയ്ക്കുന്ന നടപടി, രോഗ പ്രതിരോധ കുത്തിവെയ്പ് നൽകുക എന്നീ നടപടികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ കഴിയുകയുള്ളൂ. ഈ നടപടികൾ തുടർന്നുവരുന്നു.

(ഡി) പേവിഷവാധയ്ക്ക് എതിരെ നടത്തുന്ന കുത്തിവയ്പിനുള്ള മരുന്ന് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി സൗജന്യമായി നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ ?

(ഡി) നിർദ്ദേശം നൽകുന്നതാണ്.

Kumary Valsala

**സെക്ഷൻ ഓഫീസർ**